# കർഷകരെ കാർഷിക സംരംഭകരാക്കും -കൃഷിമന്ത്രി

**തൃശ്ശൂർ** ▸ കാർഷിക വിളകളെ പ്രയോജനപ്പെടുത്തിയും മൂല്യ വർധന ഉത്പാദനം കൂട്ടിയും കർഷകരുടേയും യുവജനങ്ങളുടെയും വരുമാനം വർധിപ്പിച്ച് കാർഷിക സംരംഭകരാക്കി മാറ്റുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ.

വൈഗ 2017-ൽ യുവകർഷകസംരംഭകത്വ ശില്പശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

യുവ കാർഷിക സംരംഭകത്വം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിനായി കൃഷി വകുപ്പാണ് യുവസംരംഭക ശില്പശാല നടത്തിയത്.

പ്രൈസ് ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ അധ്യക്ഷത വഹിച്ചു. സംരംഭകത്വ മേഖലയിലെ വിദഗ്ധർ ചർച്ചകൾക്ക് നേതൃത്വം നൽകി.

സ്റ്റാർട്ടപ്പ് മിഷൻ പ്രോജക്റ്റ് ഡയറക്ടർ ടോം തോമസ്, കാർഷിക സംരംഭകത്വ ഇൻകുബേഷൻ സെൻററിലെ കെ.പി. സുധീർ, ശാസ്ത്രജ്ഞരായ എം.എസ്. സജീവ്, എം.ആർ. മണികണ്ഠൻ, ഇ. ജയശ്രീ, അസോസിയേറ്റ് പ്രൊഫസർ കെ.എം. സുനിൽ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

Mathrubhumi 31.12.17